# ആധുനികതയുടെ അച്ചടി പാഠങ്ങൾ

**കലേഷ്. എം. മാണിയാടൻ**
ഗവേഷകൻ, സംസ്കൃതസർവ്വകലാശാല, കാലടി.

അറിവിന്റെ അപകേന്ദ്രീകരണം സാധ്യമാക്കി എന്നതാണ് അച്ചടി യുണ്ടാക്കിയ വലിയ സാമൂഹിക വിപ്ലവം. ലോകചരിത്രത്തിലെ നവീ കരണത്തെയും (Reformation) നവോത്ഥാനത്തെയും (Renaissance) പ്ര ബുദ്ധതയെയും (Enlightenment)e സംബന്ധിച്ച സംവാദങ്ങളിൽ എല്ലാം തന്നെ അച്ചടിയുമായി ബന്ധപ്പെട്ട ബലിഷ്ഠമായ വാദങ്ങൾ കടന്നു വരുന്നതു കാണാം. 1979-ൽ പുറത്തുവന്ന എലിസബത്ത് ഐസൻസ്റ്റീ നിന്റെ അച്ചടിയുമായി ബന്ധപ്പെട്ട ശ്രദ്ധേയമായ പഠനത്തിന്റെ പേരു തന്നെ The Printing Press as an Agent of Change' എന്നായിരുന്നു. ലോകമെമ്പാടുമുള്ള വിപ്ലവകരമായ മാറ്റത്തിന്റെ തിരിക്കുറ്റിയായി വർത്തിച്ചത് അച്ചടി തന്നെയായിരുന്നു.

യൂറോപ്പിൽ 15, 16 നൂറ്റാണ്ടുകളിലുണ്ടായ സാക്ഷരതയുടെ വ്യാപനവും സാഹിത്യവായനയുടെ പ്രചാരവും മതാത്മകമായ യൂറോപ്യൻ പൊതുമണ്ഡലത്തെ മതേതരമാക്കുന്നതിൽ നിർണായക സ്വാധീനം ചെലുത്തുകയുണ്ടായി. അച്ചടിയുടെ ജന്മം പുസ്തകത്തെ വിപണിക്ക നുയോജ്യമായ ചരക്കാക്കി (Commodity)മാറ്റി. (David Finkelstein, Alistair McCleery: 2006:46) 'പുസ്തകമാണ് ലോകത്തിലെ ആദ്യത്തെ ബോധന യന്ത്രവും വൻതോതിൽ ഉത്പാദിപ്പിക്കപ്പെട്ട ഉത്പന്നവും' എന്ന് മാർഷൽ മക്ലൂഹൻ നിരീക്ഷിക്കുന്നുണ്ട്. (2007:185) ഒരേസമയം സാങ്കേതികതയായും കലയായും വ്യവസായമായും രൂപാന്തപ്പെട്ടുകൊ ണ്ടിരിക്കുന്ന അതിദീർഘമായ ചരിത്രമുണ്ട് അച്ചടിക്ക്. അത് പലമട്ടിൽ പഠിക്കപ്പെട്ടിട്ടുണ്ട്.

അച്ചടി, അറിവ്, അധികാരം

സാമൂഹിക മണ്ഡലത്തിലെ താഴ്ന്ന ശ്രേണിയിലെ ആളുകൾ അച്ചടിക്കു മുമ്പ് അറിവിനെയും എഴുത്തിനെയും സംബന്ധിച്ച് സന്ദേഹികളായിരുന്നു. അറിവും അക്ഷരങ്ങളും സവിശേഷ പദവിചിഹ്നങ്ങളായിരുന്നു. എന്നാൽ ഒരേസമയം ആയിരക്കണക്കിന് പ്രതികൾ (Copies) അച്ചടിക്കുവാൻ ശേഷിയുള്ള അച്ചടി യന്ത്രത്തിന്റെ കണ്ടെത്തൽ അറിവിനെ (Knowledge) ജനാധിപത്യവത്കരിക്കുകയും അക്ഷരങ്ങൾക്കു പിന്നിലെ വിശുദ്ധപരിവേഷത്തെ തകർക്കുകയും ചെയ്തു.

എക്കാലത്തും അറിവിന്റെ വ്യാപനത്തെ ഭീതിയോടെ കണ്ടത് മതാധികാരമായിരുന്നു. മതാത്മക സമൂഹം അറിവ് വ്യാപനത്തിൽ വെറളിപൂണ്ടതിന് നിരവധി ഉദാഹരണങ്ങളുണ്ട്. വെനീഷ്യൻ മതാധികാരമണ്ഡലത്തിലെ നിയമനിർമ്മാണസഭ, അച്ചടി ലാഭകേന്ദ്രിത വൃത്തിയാണെന്നും അശുദ്ധപാഠങ്ങളുടെ പ്രചാരകനാണെന്നും അധാർമ്മികവും അപകടകരവുമായ കൃതികളാണ് പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതെന്നും സഭാധികാരികളുടെ മേൽനോട്ടമില്ലാത്ത ജ്ഞാനം അശുദ്ധമാണെന്നും ഈ അറിവ് അറിവില്ലാത്തവരിലേക്ക് സ്വതന്ത്രമായി പ്രവഹിക്കുമെന്നും വാദിക്കുകയുണ്ടായി. പൗരോഹിത്യം അവരുടെ വെനീഷ്യൻ ജഡ്ജ്മെന്റിൽ പേനയെ കന്യകയായും അച്ചടിയന്ത്രത്തെ വേശ്യയായും (The Pen is a Virgin, the Printing press a whore) കല്പിക്കുകയുണ്ടായി. (2006:49) അറിവിൽതന്നെ ശുദ്ധിയും അശുദ്ധിയും കണ്ടെത്തിയ മതാധികാരം, വാസ്തവത്തിൽ ഭയപ്പെട്ടത് നാളതുവരെ സ്വകാര്യകുത്തകയായിരുന്ന ജ്ഞാനരൂപങ്ങളുടെ അച്ചടി വഴിയുള്ള അതിവേഗവും സ്വതന്ത്രമായ വ്യാപനത്തെ തന്നെയാണ്.

അറിവ് അടഞ്ഞ മണ്ഡലങ്ങളിൽനിന്നും തുറസ്സായ സാമൂഹിക മണ്ഡലങ്ങളിലേക്ക് പ്രവഹിച്ചതോടെ വ്യവസ്ഥാപിതമായ സാമൂഹിക ക്രമത്തിന് തന്നെ ഭീഷണിയായി മാറി. 16, 17 നൂറ്റാണ്ടുകളിലെ പ്രൊട്ടസ്റ്റന്റ് മതനവീകരണം യൂറോപ്പിന്റെ മതാത്മകഭാവനയുടെ അടിവേരിളക്കി. പുണ്യപുസ്തകങ്ങളെ സംബന്ധിക്കുന്നതും ആരാധനയെ സംബന്ധിക്കുന്നതുമായ തുറന്ന പൊതു സംവാദങ്ങൾ ഇക്കാലത്തോടെ അരങ്ങേറി. ഇതിനുള്ള തുറസ്സൊരുക്കിയതോ ബൈബിൾ ഉൾപ്പെടെയുള്ള വായനാവിഭവങ്ങളുടെ വ്യാപകമായ അച്ചടിയും പ്രചാരവും തന്നെയാണ്. ഇത് പതിയെ വ്യക്തിയെ പൗരത്വത്തിലേക്കും സംവാദങ്ങളിലേക്കും മറ്റും വഴിമാറ്റുകയുണ്ടായി. മാർട്ടിൻ ലൂഥറിനെപ്പോലുള്ളവർ മതനവീകരണശ്രമത്തിൽ ബൈബിളിനെ മനുഷ്യത്വപരമായി പുനർവായിക്കുകയും

പിന്നീട് സാമൂഹികവും രാഷ്ട്രീയവുമായ വിപ്ലവത്തിലേക്ക് യൂറോപ്പിനെ നയിക്കുകയും ചെയ്തു.

അറിവ് അധികാരമായിരുന്ന ചരിത്രസന്ദർഭത്തിൽ പുസ്തകങ്ങളും സമുദ്രസഞ്ചാരത്തിനുള്ള ഭൂപടങ്ങളും വരേണ്യവിഭാഗത്തിന്റെ മാത്രം സമ്പത്തായിരുന്നു. സമ്പന്നമായ സ്ഥാപനങ്ങളിലും വരേണ്യരായ വ്യക്തികളിലുംമാത്രം ഒതുങ്ങി നില്ക്കുമായിരുന്ന അറിവിനെ പതിയെ പൊതുമണ്ഡലത്തിലേക്ക് ആനയിച്ചത് അച്ചടിയായിരുന്നു. അച്ചടി സംസ്കാകരത്തിന്റെ (Books, Newspapers, Pamphlets) വ്യാപനത്തോടെയാണ് പ്രബുദ്ധമായ, സംവാദാത്മകമായ പുതുലോകം നിർമ്മിക്കപ്പെട്ടത്. 18-ാം നൂറ്റാണ്ടിൽ യൂറോപ്പിലാകമാനമുണ്ടായ ബൗദ്ധികഗതിമാറ്റത്തെയാണ് പ്രബുദ്ധത (Enlightenment) എന്നു വിളിച്ചത്. ഇതിന്റെ അടിപ്പടവാകട്ടെ അച്ചടിയിലൂടെ പ്രചരിച്ച അറിവിന്റെ ലോകവുമായിരുന്നു. പ്രബുദ്ധതാ കാലത്ത് ഏറ്റവുമധികം വിമർശിക്കപ്പെട്ടതും പൗരോഹിത്യവും മതാധികാരവും അതു പ്രചരിപ്പിച്ച അന്ധവിശ്വാസങ്ങളുമായിരുന്നു. യുക്തിയിലധിഷ്ഠിതമായതും ശാസ്ത്രീയമായ അറിവിന്റേതുമായ പുതിയ ലോകബോധത്തെ നിർമ്മിച്ചതും വായനയിലൂടെ തിടംവെച്ച പ്രബുദ്ധതാ സംസ്കാരമായിരുന്നു. ഇക്കാലത്തോടെ സമൂഹം വിമർശനാത്മക സമൂഹമായി. നാളതുവരെയില്ലാത്ത അറിവിന്റെ വിശാലമായ നെറ്റ്‌വർക്ക് തന്നെ അച്ചടിയിലൂടെ നെയ്തെടുക്കപ്പെട്ടു. കൈകൊണ്ട് ചലിപ്പിക്കുന്ന അച്ചുകൂടത്തിൽനിന്ന് അച്ചടിയന്ത്രത്തിലേക്കും മനുഷ്യാധ്വാനത്തിൽനിന്ന് യന്ത്രാധ്വാനത്തിലേക്കുമുള്ള അച്ചടിയുടെ സാങ്കേതിക മാറ്റം നവോത്ഥാന പ്രക്രിയയെ വേഗത്തിലാക്കി. പ്രിന്റിലൂടെ പ്രചരിച്ച റാഡിക്കലായ ചിന്തകളും ആശയങ്ങളുമാണ് പ്രബുദ്ധതയിലേക്ക് മാനവികതയെ കൈപിടിച്ചുയർത്തിയത്. പ്രബുദ്ധതയിലൂടെ തിടംവെച്ച നവീകരണം മുതൽ ബഹുജനങ്ങളുടെ രാഷ്ട്രീയാവബോധത്തിന്റെ രൂപീകരണത്തിനും റാഡിക്കലായ ആശയങ്ങളുടെ പ്രചാരണത്തിനുംവരെ അച്ചടിച്ച സാംസ്കാരിക രൂപങ്ങൾ നിർണായക പങ്കുവഹിച്ചു. ലഘുലേഖകൾ, പത്രങ്ങൾ, പുസ്തകങ്ങൾ, ആനുകാലികങ്ങൾ, എന്നിവയെല്ലാം ഉത്പതിഷ്ണുത്വ സംസ്കാരത്തിന്റെയും പൊതുജനാഭിപ്രായരൂപീകരണത്തിന്റെയും ആണിക്കല്ലായി. പുസ്തകപ്രസാധനം വലിയ വ്യവസായമായി വളർന്ന 19-ാം നൂറ്റാണ്ടിലാണ് ഈ മാറ്റമുണ്ടായത് എന്ന കാര്യം യാദൃച്ഛികമല്ല.

എല്ലാത്തരം യന്ത്രസംവിധാനങ്ങളുടെയും ആദിമരൂപം ചലിക്കുന്ന അച്ചടി യന്ത്രമാണ്. അച്ചടി പ്രാദേശികതയെയും (Parochialism)

ഗോത്രപരതയെയും(Tribalism) ഇല്ലാതാക്കുകയും സാംസ്കാരികാതിർത്തികൾ അപ്രസക്തമാക്കുകയും അറിവിന്റെ ദേശാന്തരവ്യാപനത്തിന് ഗതിവേഗം പകരുകയും ചെയ്തു. മാർഷൽ മക്ലൂഹൻ അച്ചടിയെ ദേശീയതയുടെ വാസ്തുശില്പി (Architect of Nationalism) എന്നാണ് വിശേഷിപ്പിച്ചത്. അച്ചടിയുടെ വ്യാപനവും പ്രചാരവും ഭാഷാപരമായ പലമയെ ഭേദിക്കുകയും മനുഷ്യകുലത്തെതന്നെ ഒരൊറ്റ വംശമായി മാറ്റുകയും ചെയ്തെന്ന് മക്ലൂഹൻ നിരീക്ഷിക്കുന്നു. (2007: 185).

അച്ചടിയുണ്ടാക്കിയ സാംസ്കാരികവും സാമൂഹികവുമായ പരിണാമത്തെ സംബന്ധിച്ച് ആഴത്തിൽ പഠിച്ചവരാണ് മാർഷൽ മക്ലൂഹനും ജൂഗൻ ഹേബർമാനും ബെനഡിക്ട് ആന്റേഴ്സനും. ദേശീയതാ നിർമ്മിതിയെയും അച്ചടിയിലൂടെ വളർന്ന അച്ചടി മുതലാളിത്തത്തെയും(Print Capitalism) മക്ലൂഹനും ആന്റേഴ്സനും വിശദീകരിച്ചപ്പോൾ, ഹേബർമാസാവട്ടെ അച്ചടിക്കപ്പെട്ട സാസ്കാരിക ഉപകരണങ്ങളാൽ (പുസ്തകങ്ങൾ, നോവലുകൾ, പത്രങ്ങൾ, ആനുകാലികങ്ങൾ, ലഘുലേഖകൾ) നിർമ്മിക്കപ്പെട്ട പൊതുമണ്ഡല സംസ്കാരത്തെ (Public Sphere Culture) സംബന്ധിച്ച് ആഴത്തിൽ പഠിക്കുകയുണ്ടായി.

അദൃശ്യരായിരുന്ന ജനസമൂഹത്തെ പരസ്പരം കണ്ണി ചേർക്കുകയും അവരുടെ അഭിപ്രായരൂപീകരണം നടത്തുകയും അതുവഴി ദേശീയതാവബോധവും ശാസ്ത്രാവബോധവും യുക്തിബോധവുമുള്ള പൗരസമൂഹത്തെ, പൊതുജനത്തെ നിർമ്മിക്കുകയും ചെയ്ത അച്ചടിയുടെ ദീർഘചരിത്രമാണ് ഇവർ സാംസ്കാരികമായി വിശകലനം ചെയ്തത്. ഈ വിശകലനങ്ങൾ ഏതൊരു നവോത്ഥാന സംസ്കാരത്തെയും പഠിക്കാൻ അനുയോജ്യവുമാണ്.

### കേരളം: അച്ചുകൂടത്തിൽ തെളിഞ്ഞ ഭാവനാസ്ഥലം

ഐക്യകേരളമെന്ന രാഷ്ട്രീയ സ്ഥല (Political Space) ത്തെ സംബന്ധിച്ച് പൊതു ഇടത്തിൽ വലിയ ചർച്ചകളുണ്ടാവുന്നത് 1940-കൾക്ക് ശേഷമാണ്. 1949-ലെ തിരു-കൊച്ചി സംയോജനം ഈ ആലോചനയ്ക്ക് ഗതിവേഗം പകർന്നു. എന്നിട്ടും 1956-ൽ മാത്രമാണ് കേരളം രാഷ്ട്രീയ അധികാരമുള്ള സംസ്ഥാനമായി നിലവിൽ വന്നത്. എന്നാൽ ഐക്യകേരളമെന്ന ഭാവനാസ്ഥലം(Imaginary Space) 1880-കളിൽത്തന്നെ നമ്മുടെ അച്ചടി സംസ്കാരം(Print Culture: പുസ്തകങ്ങൾ, മാസികകൾ, പത്രങ്ങൾ, ഇതു സംബന്ധിച്ച ചർച്ചാവേദികൾ) ഭാവന ചെയ്യുന്നുണ്ട്.

മലയാള മനോരമയുടെ വജ്രജൂബിലി വർഷത്തിൽ കോഴിക്കോട്

സാമൂതിരി എഴുതിയ സന്ദേശത്തിൽ ഇങ്ങനെ കാണാം. 'കേരളത്തെ ഒട്ടാകെ ഒരു രാജ്യമായി വിഭാവനംചെയ്ത്, കേരളീയർക്ക് ഒന്നിച്ചു ചേരുവാൻ അവസരം നല്കിയ മനോരമയുടെ ഇന്നോളമുള്ള നയവും പ്രവർത്തനവും നമുക്കും നമ്മുടെ സ്വരൂപത്തിനും സന്തോഷപ്രദമായിട്ട് തന്നെയിരിക്കുന്നു' എങ്ങനെയാണ് അച്ചടിരൂപം പലതായി ചിതറിയ അദൃശ്യസമൂഹത്തെ ഐക്യപ്പെടുത്തയത് എന്നതിലേക്കുള്ള സൂചന ഇതിൽനിന്നു വായിച്ചെടുക്കാം.

1890-ൽ കണ്ടത്തിൽ വറുഗീസ് മാപ്പിള എഴുതുന്നത് ഇവിടെ ശ്രദ്ധേയമാണ്. 'മംഗലാപുരത്തെ ക്രിസ്ത്യാനികളുടെ മലയാളവും അഭിപ്രായവും തിരുവനന്തപുരത്തെ ഹിന്ദുക്കളിലും മറിച്ചും വ്യാപരിക്കുന്നതിനാൽ മലയാള ഭാഷയ്ക്ക് പ്രത്യേക പരിഷ്കാരത്തിന്റെ ആരംഭം മാത്രമായിരുന്ന ഈ കാലത്ത് ദിക്കുകളുടെയും സമുദായങ്ങളുടെയും അകലവും ഭേദവും മറ്റും കൊണ്ടുള്ള ഗ്രാമ്യാദി ദോഷങ്ങൾ തീർന്ന് എല്ലാവരും ആദരിക്കപ്പെടുവാൻ തക്കതായ ഒരു ഉത്തമഭാഷ സ്ഥിരപ്പെടുത്തുന്നതിന് വർത്തമാന പ്പത്രങ്ങളുടെ പ്രചാരത്താൽ അല്ലാതെ മറ്റൊന്നുകൊണ്ടും കഴിയുന്നതല്ല. എല്ലാ ദിക്കിലും വർത്തമാനപ്പത്രങ്ങൾ പ്രസിദ്ധപ്പെടുത്തുകയും എല്ലാം തമ്മിൽ അന്യോന്യം ധാരാളമായി സംസർഗ്ഗം ഉണ്ടായിരിക്കുകയും ചെയ്യുന്ന കാലത്ത് ദേശംതോറും ഭാഷ പലത് എന്നുള്ളത് കാലക്രമേണ അർത്ഥമില്ലാതായിത്തീരുകയല്ലാതെ നിവൃത്തിയില്ലല്ലോ' (പ്രിയദർശനൻ ജി 1997:36,37) ഇവിടെ എപ്രകാരമാണ് അദൃശ്യസമൂഹത്തെ അച്ചടി/പത്രങ്ങൾ, തമ്മിൽതൊടുന്ന ഭാവനാസമൂഹമാക്കി മാറ്റുന്നത് എന്നതിനുള്ള സൂചന കാണാം.

മറ്റൊരു കൗതുകമുള്ള നിരീക്ഷണമായി അവതരിപ്പിക്കാനുള്ളത് ആദ്യകാല പത്രമാസികകളുടെ പേരുമായി ബന്ധപ്പെട്ടാണ്. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ പ്രവിശ്യകളായി കിടന്നിരുന്ന പഴയ പ്രദേശങ്ങളെ കേരളം എന്ന രാഷ്ട്രീയ സ്ഥലമാക്കി മാറ്റുന്നതിന് തുടക്കത്തിൽ ഇടപെട്ടത് നമ്മുടെ പത്രമാസികകളാണ്. ആദ്യകാല പത്രങ്ങളുടെ പേരുകൾ പരിശോധിച്ചാൽ അതുവരെയും സാധ്യമാവാത്ത കേരളമെന്ന രാഷ്ട്രീയ സ്ഥലത്തെ അവ മുൻഭാവന ചെയ്തിട്ടുണ്ടെന്ന് കാണാനാവും. കേരള ദീപകം, കേരളമിത്രം, കേരള പത്രിക, കേരള സഞ്ചാരി, കേരള പഞ്ചിക, കേരളതാരക, കേരളശോഭിനി, കേരളനന്ദിനി, കേരള ചിന്താമണി, കേരളദർപ്പണം, കേരള ചന്ദ്രിക, കേരളോപകാരി, കേരളപതാക, കേരളഭൂഷണം, കേരളൻ,കേരളീയൻ, മലയാള മനോരമ, മലയാള രാജ്യം, മലയാളമിത്രം, മലയാള ശോഭിനി,

മലയാളി തുടങ്ങിയ 19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ ആരംഭിച്ച പത്രമാസികകളുടെ പേരുകളിൽ ഒക്കെ കേരളമെന്ന ദേശനാമത്തെയും മലയാളമെന്ന ഭാഷാനാമത്തെയും സംവഹിക്കുന്നതിന്റെ ലാഞ്ചനകൾ ഉണ്ട്. ഒരു തരത്തിൽ ആലോചിച്ചാൽ ആദ്യമായി കേരളമെന്ന ഒരൊറ്റ ദേശത്തെയും മലയാളമെന്ന ഭാഷാദേശീയതയെയും വിഭാവനം ചെയ്തത് അച്ചടിരൂപങ്ങളായിരുന്നു എന്നുകാണാം. ഐക്യകേരളത്തിനു വേണ്ടി പത്രങ്ങൾ പരസ്യമായി എടുത്ത നിലപാടുകളും പ്രബുദ്ധതയിലൂടെ തിടംവെച്ച നവീകരണശ്രമങ്ങളും മുതൽ പൊതുജനത്തിന്റെ രാഷ്ട്രീയ വബോധ രൂപീകരണവും ഉത്പതിഷ്ണുത്വമുള്ള ആശയങ്ങളുടെ പ്രചാരവും വായനാസമൂഹത്തിന്റെ രൂപപ്പെടലുംവരെയുള്ള സാംസ്കാരിക പ്രക്രിയയ്ക്ക് നെടുനായകത്വം വഹിച്ചത് അച്ചടിസംസ്കാരമാണെന്ന് പറയാനാവും. വായനയിലൂടെ വ്യക്തിയും പത്രവായനയിലൂടെ പൗരനും അവരിലൂടെ പൊതുജനാഭിപ്രായവും രൂപപ്പെട്ടുവന്ന ചരിത്രസന്ദർഭവും ഇതുതന്നെ യായിരുന്നു.

ബെനഡിക്ട് ആൻഡേഴ്സന്റെയും മറ്റും വാദങ്ങൾക്കുമുമ്പേ മലയാളത്തിലെ പത്രാധിപൻമാർ, പത്രപ്രവർത്തകർ, സാഹിത്യസംഘടനകൾ, പാഠപുസ്തകങ്ങൾ, ഭാവനാസമൂഹം (Imagined Community), എന്ന ആശയം മുന്നോട്ടു വെച്ചിട്ടുണ്ട്. 1860-കളിൽ പുറപ്പെടുവിച്ച പാഠാവലികളിലൂടെ ദേശഭേദമുള്ള ഭാഷാസ്വരൂപങ്ങളെ അച്ചടിയിലൂടെ ഐക്യപ്പെടുത്തുകയുണ്ടായി. കേരള വർമ്മയുടെ പാഠപുസ്തകങ്ങൾ ഗദ്യത്തിന് പ്രാമുഖ്യം കൊടുത്തതോടൊപ്പം മതപുരാണാദിയായ വിഷയങ്ങളെ ഒഴിവാക്കുകയും ചെയ്തു. ( ഇ.വി. രാമകൃഷ്ണൻ , 2000:486) മതാത്മകവും സവർണവുമായ മലയാള സാഹിത്യമണ്ഡലം പതിയെ മതേതര സാഹിത്യപൊതുമണ്ഡലമായി രൂപപ്പെട്ടത് ഇതിനോടനുബന്ധമായാണ്. 1892-ലെ പ്രഥമ കവിസമാജം നടന്നത് മലയാള മനോരമയുടെ ഓഫീസിൽ വെച്ചാണ്. തുടർന്ന് തൊട്ടടുത്ത വർഷം കവിസമാജം തൃശ്ശൂരിൽ വെച്ചു നടത്തി. പേര് ഭാഷാപോഷിണിസഭ എന്നാക്കി മാറ്റി. ഭാഷാപോഷിണിസഭയുടെ തുടർ സമ്മേളനങ്ങൾ കേരളത്തിലെ അക്കാലത്തെ സുപ്രധാന പട്ടണങ്ങളായ തിരുവനന്തപുരം, തൃശ്ശൂർ, വൈക്കം, കോഴിക്കോട്, തലശ്ശേരി, എന്നിവിടങ്ങളിൽ വെച്ച് ചേരുകയുണ്ടായി. അക്കാലം വരെ കാണാത്ത സാഹിത്യതല്പരരും സാഹിത്യനായകരും പരസ്പരം കണ്ടുമുട്ടുകയും സാഹിത്യസംവാദങ്ങളിലേർപ്പെടുകയുമുണ്ടായി. 'അന്യോന്യം പരിചയമില്ലാത്ത കേരളത്തിന്റെ വിഭിന്നഭാഗങ്ങളിൽ കഴിഞ്ഞുകൂടിയ കവികളെയും സാഹിത്യകാരൻമാരെയും തമ്മിൽ പരിചയപ്പെടുത്താനും പ്രാദേശികമായ വിഭിന്നതകളെ അതിലംഘിക്കുന്ന

ഐക്യവും സൗഹാർദ്ദവും ഭാഷയിലും സാഹിത്യത്തിലും കൈവരു ത്താനും കേരളസംസ്കാരത്തിന്റെ ഉന്നമനത്തിനു വേണ്ടി ഒത്തൊരുമിച്ച് പ്രവർത്തിക്കാനും ആ സംഘടന (ഭാഷാപോഷിണി സഭ) മുൻകൈ യെടുത്തു.' (കണ്ടത്തിൽ വറുഗീസ് മാപ്പിള ഒരു പഠനം, 1988:3) ഭാഷാ പോഷിണി സഭയുടെ ജിഹ്വയായി ഭാഷാപോഷിണി മാസിക പുറത്തു വന്നതും സവർണ കവികളും അവർണ കവികളും കുട്ടികുഞ്ഞി തങ്കച്ചി ഉൾപ്പെടെയുള്ള സ്ത്രീകളും മാസികയിൽ എഴുതാനാരംഭിച്ചതും അച്ചടി സംസ്കാരം ഉണ്ടാക്കിയ വിച്ഛേദമാണ്.

ദേശഭേദമോ ജാതിഭേദമോ മതഭേദമോ അശേഷം ഗണിക്കാതെയാ യിരുന്നു വറുഗീസ് മാപ്പിള മാസികയിലേക്ക് കൃതികൾ തെരഞ്ഞെടുത്തി രുന്നത്. മൂർക്കോത്തു കുമാരനെ എഴുത്തിൽ പലരും കൈയൊഴിഞ്ഞ പ്പോൾ മലയാള മനോരമയാണ് അദ്ദേഹത്തിന് സാഹിത്യത്തിലേക്കു വരാൻ വഴിയൊരുക്കിയത് എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. 'വറുഗീസ് മാപ്പിള അവറുകളുടെ പ്രോത്സാഹനമില്ലായിരുന്നെങ്കിൽ ഞാൻ ഭാഷാ സാഹിത്യത്തിൽ പ്രവേശിച്ച് പ്രവർത്തിക്കാൻ സംഗതി വരില്ലായിരു ന്നു.' ( ടി. എം. ചുമ്മാർ, മലയാള മനോരമ വജ്രജൂബിലി സ്മാരക ഗ്രന്ഥം, 1950 പുറം :194) എന്ന് മൂർക്കോത്ത് കുമാരൻ എഴുതിയിട്ടുണ്ട്. "അന്ന് സാഹിതീയ ക്ഷേത്രത്തിന്റെ ശ്രീകോവിലിൽ കയറി നീരാജനവും പുഷ്പാർച്ചനയും നടത്തിയ മഹാൻമാരുടെ കൂട്ടത്തിൽ കാണുന്ന അവർ ണ്ണരായ കവിശ്രേഷ്ഠൻമാരായ മൂലൂർ, മൂർക്കോത്ത് കുമാരൻ, സി.വി. കുഞ്ഞുരാമൻ, വെള്ളുത്തേതി, പെരുനെല്ലി തുടങ്ങിയ പ്രതിഭാശാലികളെ സോദരസ്നേഹമസൃണമായ മനോഭാവത്തോടുകൂടി സ്വാഗതം ചെയ്ത ഉദാരചരിതൻ വറുഗീസ് മാപ്പിളയാണ്' എന്നു നിരീക്ഷിക്കപ്പെട്ടിട്ടു ണ്ട്. (ibid:7) സി.എസ്. സുബ്രഹ്മണ്യൻ പോറ്റി ഇങ്ങനെ എഴുതുന്നു. 'വലിയവരും ചെറിയവരും, പ്രായം കൂടിയവരും കുറഞ്ഞവരും ഇങ്ങനെ യുള്ള വ്യത്യാസങ്ങളൊന്നും വറുഗീസ് മാപ്പിളയ്ക്കില്ല. സാഹിത്യത്തിൽ വാസനയുണ്ടോ എന്നൊരു നോട്ടമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ. അവർക്കെല്ലാം അദ്ദേഹം പത്രപംക്തി തുറന്നു കൊടുത്തു.' (ibid: 38,39)

മേൽപറഞ്ഞ ചില തുറന്നു പറച്ചിലുകളും, നിരീക്ഷണങ്ങളും സാഹി ത്യത്തിന്റെ മതേതരവത്കരണവും സാഹിത്യ പൊതുമണ്ഡലത്തിന്റെ രൂപീകരണഘട്ടവുമായി ചേർത്തുവെച്ച് ചർച്ചചെയ്യേണ്ടതുമാണ്. അച്ച ടിച്ച സാംസ്കാരികരൂപങ്ങൾ എപ്രകാരമാണ് അടഞ്ഞ സാമൂഹിക വ്യവസ്ഥയെ മാറ്റിത്തീർക്കുന്നതെന്നും സകലർക്കും ഇടംകൊടുക്കു ന്ന ജനാധിപത്യപരമായ സ്ഥലരാശികൾ നിർമ്മിക്കുന്നതെന്നും

കേരളീയ ചരിത്രസന്ദർഭത്തെ മുൻനിർത്തിയും ചർച്ചചെയ്യാമെന്ന് ഇവ തെളിയിക്കുന്നു.

ഗ്രന്ഥസൂചി

1. Anderson Benedict, 1991, Imagied Communities Reflections on the Origin and spread of Nationalism, Verso, London
2. David Finkelstein, Alistair Mccleery, 2006 An Introduction to Book History, Routeledge, London.
3. Jurgen Habermas, 1993, The Structural Transformation of the Public Sphere , An Enquiry in to a category of Bourgeoise Society, The MIT Press, Cambridge, Massachusetts
4. Marshall McLuhan, 2007 Understanding Media, Routeledge London
5. കണ്ടത്തിൽ വറുഗീസ് മാപ്പിള ഒരു പഠനം, 1988, പ്രസാധകർ മലയാള മനോരമ, കോട്ടയം.
6. ഗോവി. കെ.എം., 1998, ആദിമുദ്രണം—ഭാരതത്തിലും മലയാളത്തിലും, കേരള സാഹിത്യ അക്കാദമി തൃശ്ശൂർ.

പ്രിയദർശനൻ ജി. (സമ്പാ.) 1997, കേരള നവോത്ഥാനം, കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ മുഖപ്രസംഗങ്ങൾ, മനോരമ പബ്ലിക്കേഷൻസ്, കോട്ടയം.

7. മലയാള മനോരമ വജ്രജൂബിലി പതിപ്പ്, സ്മാരകഗ്രന്ഥം, 1950 കോട്ടയം.
8. രാമകൃഷ്ണൻ ഇ.വി., 2000, വർത്തമാപ്പത്രങ്ങളുടെയും അച്ചടിയന്ത്രങ്ങളുടെയും വ്യാപനത്തോടെ മലയാളിയുടെ സാഹിത്യസങ്കല്പങ്ങളിലും ഭാഷാ വ്യവഹാരങ്ങളിലും സംഭവിച്ച മാറ്റങ്ങൾ, നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം, വാല്യം—രണ്ട്, കേരള സാഹിത്യ അക്കാദമി തൃശ്ശൂർ.